# Mathrubhumi

## 22 August 2018

## Kakkanad, After Flood, Flood Relief

റവന്യൂ, സിവിൽ സപ്ലൈസ്, ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പുകൾ തിരുവോണത്തിനും അവധിയെടുക്കാതെ പ്രവർത്തിക്കും

# ഓണം അവധി രണ്ടു മണിക്കൂർ

### 150 പി.ഡബ്ല്യു.ഡി. റോഡുകൾ ചെളിമൂടി

**കാക്കനാട്** ▸ നാശനഷ്ടം ഉണ്ടായവർക്കെല്ലാം ദുരിതാശ്വാസത്തിന് അർഹതയുണ്ടെന്ന് ജില്ലാ കളക്ടർ. അത് ലഭിക്കേണ്ടവരുടെ വിവരങ്ങൾ വില്ലേജ് ഓഫീസർമാർ ശേഖരിക്കും. മൃഗങ്ങളുടെ ശവശരീരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച്, അറിയിക്കുന്ന മുറയ്ക്ക് ആരോഗ്യവകുപ്പ് ജീവനക്കാർ മറവു ചെയ്യും.

ഈ മാസം ഇനി മുഴുവൻ ദിവസങ്ങളും റവന്യൂ, സിവിൽ സപ്ലൈസ്, ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് പ്രവൃത്തി ദിവസമാണ്. തിരുവോണദിവസം ഉച്ചയ്ക്ക് രണ്ടു മണിക്കൂർ അവധിയെടുക്കാം. മാലിന്യം ജലസ്രോതസ്സുകളിൽ നിക്ഷേപിച്ചാൽ കർശന നടപടിയെടുക്കും.

### വെള്ളത്തിന് പ്രശ്നമില്ല

▸ കഴിഞ്ഞ ദിവസം ആലുവ ജലവിതരണ പ്ലാൻറ് പ്രവർത്തനം തുടങ്ങി. പിറവത്ത് ഇന്ന് തുടങ്ങും. രണ്ടു ദിവസത്തിനകം എല്ലാ കേന്ദ്രങ്ങളും തുറക്കാനാകും. ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ വാട്ടർ അതോറിറ്റി പ്രതിനിധിയുടെ 24 മണിക്കൂർ സേവനമുണ്ടാകും.

910 ക്യാമ്പുകളിലായി അഞ്ചു ലക്ഷത്തിലധികം ദുരിതബാധിതരുണ്ടെന്ന് ജില്ലാ കളക്ടർ മുഹമ്മദ് വൈ. സഫീറുള്ള, ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന എം.എൽ.എമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ അറിയിച്ചു.

### റേഷൻ നൽകും

▸ റേഷൻകാർഡ് നഷ്ടപ്പെട്ടവർക്ക് തടസ്സം കൂടാതെ റേഷൻസാധനങ്ങൾ ലഭ്യമാക്കും. ഗുണഭോക്താക്കളുടെ പേരുവിവരവും റേഷൻകാർഡ് നമ്പറും കടയിൽ ലഭ്യമാണ്.

### ജില്ലയിൽ 15 മരണം

▸ 15 മരണങ്ങളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കാണാതായവരുടെ വിവരം ശേഖരിക്കുന്നു. നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് ഈ ആഴ്ച തുടങ്ങും.

കടമക്കുടിയിലെ തുരുത്തുകളിലേക്ക് ചെറുവള്ളങ്ങൾ മാത്രമാണ് സർവീസ് നടത്തുന്നത്. പകരം ബോട്ട് ആരംഭിക്കണമെന്നും ക്യാമ്പുകൾ റവന്യൂ വകുപ്പ് ഏറ്റെടുക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു.

നെടുമ്പാശ്ശേരി എയർപോർട്ടിനു സമീപമുള്ള ചെങ്കൽതോട് സംരക്ഷിക്കാൻ കർശന നടപടികൾ എടുക്കണമെന്ന് അൻവർ സാദത്ത് എം.എൽ.എ. പറഞ്ഞു.

രോഗപ്രതിരോധഔഷധങ്ങൾ വേഗത്തിൽ ലഭ്യമാക്കണം. കാലടി മേഖലയിലെ കിണറുകളിൽ സമീപത്തെ കമ്പനികളിൽ നിന്നുള്ള എണ്ണ പരന്നത് നീക്കണമെന്ന് റോജി എം. ജോൺ എം.എൽ.എ. ആവശ്യപ്പെട്ടു.

### കിണറുകൾ വൃത്തിയാക്കണം

▸ കോതമംഗലത്തെ 10 ക്യാമ്പുകൾ തുടരണമെന്ന് ആൻറണി ജോൺ എം.എൽ.എ. ആവശ്യപ്പെട്ടു. പലയിടത്തും സെപ്റ്റിക് ടാങ്ക് പൊട്ടിയൊലിച്ച് കിണറിലെ ജലവുമായി ചേർന്നിട്ടുണ്ട്. ഇവ മോട്ടോർ ഉപയോഗിച്ച് വറ്റിച്ച് വൃത്തിയാക്കണം. സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർക്ക് ഇതിന് തുക നൽകുന്നതിന് ക്രമീകരണം വേണം. ബ്ലീച്ചിങ് പൗഡറിൻെറ ലഭ്യത ഉറപ്പാക്കണമെന്നും കുടിവെള്ളം ലഭ്യമാക്കുന്ന വിധത്തിലുള്ള കിണർ ശുചീകരണം വേഗത്തിലാക്കണമെന്നുമെന്നും എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. ആവശ്യപ്പെട്ടു.

### വള്ളങ്ങൾ നന്നാക്കണം

▸ വൈപ്പിനിൽ നിന്ന് രക്ഷാപ്രവർത്തനത്തിനായി എത്തിയ പല വള്ളങ്ങൾക്കും കേടുപാട് സംഭവിച്ചെന്നും, ഇവ പരിഹരിക്കാൻ അടിയന്തര സഹായം ലഭ്യമാക്കണമെന്നും എസ്. ശർമ എം.എൽ.എ. പറഞ്ഞു.

ക്യാമ്പിലേക്ക് അയച്ച സാധനങ്ങൾ വഴിമാറി ഉപയോഗിക്കുന്നതായി ചിലയിടത്തു നിന്ന് റിപ്പോർട്ടുകളുണ്ട്. ഇത് ശ്രദ്ധിക്കണമെന്ന് ജോൺ ഫെർണാണ്ടസ് എം.എൽ.എ. പറഞ്ഞു.

റോഡ് പുനർനിർമാണത്തിന് അടിയന്തര നടപടികൾ എടുക്കണമെന്ന് പി.ടി. തോമസ് എം.എൽ.എ. ആവശ്യപ്പെട്ടു.

കൊച്ചിയിലെ പടിഞ്ഞാറൻ മേഖലയിൽ ഇപ്പോഴും നിലനിൽക്കുന്ന വെള്ളക്കെട്ട് ശ്രദ്ധിക്കണമെന്ന് കെ. ജെ. മാക്സി എം.എൽ.എ. പറഞ്ഞു.

ചേരാനല്ലൂരിൽ ക്യാമ്പുകളിൽ 8,000 അംഗങ്ങൾ ഉണ്ടായിരുന്നുവെന്ന് ഹൈബി ഈഡൻ എം.എൽ.എ. പറഞ്ഞു. കുന്നത്തുനാട് മണ്ഡലത്തിൽ വാഴക്കുളം പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ നാശം സംഭവിച്ചതെന്ന് വി.പി. സജീന്ദ്രൻ എം.എൽ.എ. പറഞ്ഞു.

യോഗത്തിൽ ഐ.ജി. വിജയ് സാക്കറെ, റൂറൽ എസ്.പി. രാഹുൽ പി. നായർ, അസിസ്റ്റൻറ് കളക്ടർ പ്രഞ്ജാൽ പാട്ടീൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ,ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.